**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം തടസ്സപ്പെടുത്തിയ 2,50,000/- (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണംനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

സ.ഉ (സാധാ)നം. 1988/2019/തസ്വഭവ. തിരുവനന്തപുരം, തീയതി. 16.09.2019

---

പരാമർശം:- 1) പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.01.2017 ലെ എ 3.5496/16 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 23.02.2018 ലെ എം3-38395/17 നമ്പർ കത്ത്.

3) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.11.2018 ലെ ഡികെഎസ്എ/584/2018-പി.റ്റി-2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിലെ 2008-09 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(1) പ്രകാരം 2,50,000/- (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നു. സ.ഉ.(എം.എസ്.)183/2007 ലെ സബ് സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6(13)ലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ആയുർവ്വേദ മരുന്നുകളുടെ ക്യാമ്പ് നടത്തി വിതരണം ചെയ്യേണ്ടത് റിമോട്ട് എസ്.സി., എസ്.റ്റി. ഏരിയായിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കെ അതിനു വിരുദ്ധമായി എസ്.സി. എസ്.ടി. ഏരിയ അല്ലാത്ത സ്ഥലത്ത് വച്ച് ആയുർവ്വേദ ക്യാമ്പ് സംഘടിപ്പിച്ച് തുക ചെലവഴിച്ചതിനാലും ലഭ്യമായ മരുന്നുകളുടെ സ്റ്റോക്ക്, ആയത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കാതിരുന്നതിനാലുമായിരുന്നു ഓഡിറ്റ് വകുപ്പ് ടി തടസ്സപ്പെടുത്തൽ നടത്തിയത്. തുടർന്ന് പ്രസ്തുത ചെലവിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട് പരാമർശം(1) മുഖേന പറളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ ഉചിത മാർഗ്ഗേന പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും പഞ്ചായത്ത് ഡയറക്ടർ ആയത് അനുകൂല ശിപാർശയോടെ പരാമർശം(2) മുഖേന സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി. സർക്കാർ ആയതിൻമേൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും പരാമർശം(3) മുഖേന ഓഡിറ്റ് ഡയറക്ടർ ടി വിഷയത്തിൻമേലുള്ള അഭിപ്രായം സർക്കാരിനെ അറിയിക്കുകയും ചെയ്തു.

2. ഈ വിഷയം സംബന്ധിച്ച സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ, എസ്.സി. കോളനിയിൽ ക്യാമ്പ് നടത്തുവാൻ പൊതുസ്ഥലം ഇല്ലാത്തതിനാലും ആളുകളുടെ സൗകര്യാർത്ഥം പഞ്ചായത്ത് തീരുമാനമനുസരിച്ചുമാണ് കല്യാണ മണ്ഡപത്തിൽ വച്ചും സ്കൂളിൽ വച്ചും ക്യാമ്പ് നടത്തിയിട്ടുള്ളതെന്നും, ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിശ്ചയിച്ച് നൽകിയതനുസരിച്ചാണ് ഔഷധിയിൽ നിന്നും ആവശ്യമായ മരുന്നുകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളതെന്നും അപ്രകാരം എസ്.സി.വിഭാഗത്തിൽപ്പെട്ട നിർദ്ധനരായ രോഗികൾക്ക് പദ്ധതി കൊണ്ട് പ്രയോജനം ലഭിച്ചിട്ടുണ്ട് എന്നുള്ള പറളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.01.2017 ലെ 18-ാം നമ്പർ യോഗതീരുമാനം, പാലക്കാട് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി യോഗത്തിലെ 41-ാം നമ്പർ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ എന്നിവ പരിഗണിച്ചും നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മരണപ്പെട്ടതിനാലും കൂടാതെ ടി വിഷയം ചാർജ്ജ്, സർചാർജ്ജ് നടപടികൾക്കോ പരിഗണിച്ചിട്ടില്ല എന്നത് പരിഗണിച്ചും പദ്ധതി മാർഗ്ഗരേഖ പ്രകാരം മാത്രം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും രേഖകൾ കൃത്യമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയോടെ

പരാമർശവിഷയത്തിൻമേൽ ഉചിതമായ തീരുമാനം സർക്കാരിന് എടുക്കാവുന്നതാണെന്നും ഓഡിറ്റ് വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പറളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ യോഗതീരുമാനം, പാലക്കാട് ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ തീരുമാനം, സാധൂകരണം സംബന്ധിച്ച വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ എന്നിവ പരിഗണിച്ചും പദ്ധതി നിർവ്വഹണോദ്യോഗസ്ഥനായ പഞ്ചായത്ത് സെക്രട്ടറി മരണപ്പെട്ടതിനാലും ഇനി മുതൽ പഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖ പ്രകാരം മാത്രം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും രേഖകൾ കൃത്യമായി സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണെന്നുള്ള വ്യവസ്ഥകളോടെ പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 2,50,000/- (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സിപോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, പറളി ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**